LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫിനെ സർവ്വകലാശാല ജീവനക്കാരായി അംഗീകരിക്കാൻ നടപടി

54 [1155] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫിനെ, സർവ്വകലാശാല ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇവരെ ജീവനക്കാരായി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അംഗീകരിച്ചിട്ടില്ല.

(ബി) സർവ്വകലാശാലയിൽ നിയമിക്കപ്പെടുകയും അവിടെ നിന്നും ശമ്പളം നൽകുകയും ചെയ്യുന്നവരെയാണ്, സർവ്വകലാശാല ജീവനക്കാരായി അംഗീകരിക്കുന്നത്. സർക്കാരിൽ നിന്നോ, സർവ്വകലാശാലയിൽ നിന്നോ, യാതൊരുവിധ സാമ്പത്തിക സഹായവും ഇല്ലാതെയാണ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നത്. അതിനാൽ, ടി സ്ഥാപനങ്ങളിലെ ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കുന്നതും ശമ്പളം നൽകുന്നതും ബന്ധപ്പെട്ട മാനേജ്മെന്റുകൾ തന്നെയാണ്. ആയതിനാൽ, ഇവരെ സർവ്വകലാശാല ജീവനക്കാരായി അംഗീകരിക്കാൻ സാധ്യമല്ല.

അട്ടപ്പാടിയിൽ ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നതിന് നടപടി

55 [1156] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ഒരു ഗവൺമെന്റ് കോളേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ ഏത് ഘട്ടം വരെയായി ;

(സി) ഇല്ലെങ്കിൽ അട്ടപ്പാടിയിലെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഗണിച്ച് ഒരു ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ—സി) അട്ടപ്പാടിയിൽ ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കണമെന്ന് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശ പരിശോധിച്ച് വിശദമായ നിർദ്ദേശം സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.